അതിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ടാണ്. ആ കമ്മിറ്റി ഫലപ്രദമായി പ്രവർത്തിക്കണം എന്നാണ് ചെയറിന് പറയാനുള്ളത്.

ഓർഡർ...ഓർഡർ... ഇനി രണ്ടു സബ്മിഷൻസ് ഉള്ളതിന് മന്ത്രിയില്ല. ശ്രീമതി രാധാരാഘവൻ, ശ്രീ. എം.വി. ജയരാജൻ. മന്ത്രിയില്ലാതെ ശൂന്യതയിൽ ഉന്നയിക്കാൻ പാടില്ല. മറ്റ് സബ്മിഷൻസ് കഴിഞ്ഞു

V റിപ്പോർട്ട് സമർപ്പണം

ശ്രീ. ടി. കെ. ബാലൻ : സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിഅംഗമായ ഞാൻ കമ്മിറ്റിയുടെ 114 മുതൽ 131 വരെയുള്ള റിപ്പോർട്ടുകൾ ചെയർമാനു വേണ്ടി സമർപ്പിക്കുന്നു.

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : സർ, പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 80 മുതൽ 85 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

VI അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

ശ്രീമതി ആർ. ലതാദേവി : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 37-ാമത് റിപ്പോർട്ട് പരിഗണിക്കണമെന്ന് പ്രമേയം ചെയർമാനുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ പിന്താങ്ങുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു. ഈ റിപ്പോർട്ടിൻ പ്രകാരമുള്ള ഒരു വിഷയം ഞാൻ പറയാം. ഈ റിപ്പോർട്ടിൽ നിരവധി ബിസിനസുകൾ ഉണ്ട്. ഇപ്പോൾ അവതരണാനുമതി തേടുന്ന 22 ബില്ലുകൾ ഉണ്ട്. ഇത്രയധികം ബില്ലുകൾ ഈ സഭയിൽ അടുത്ത കാലത്തൊന്നും വന്നിട്ടില്ല. 22 ബില്ലുകൾക്കു വേണ്ടി മൂന്ന് മിനിട്ട് സമയം വച്ച് 66 മിനിട്ട് വേണം. പിന്നെ ചർച്ചയ്ക്കും തുടർ നടപടികൾക്കും വേണ്ടി മൂന്നെണ്ണം ലിസ്റ്റ് ചെയ്തിട്ടുണ്ട്. അതിന് ഓരോന്നിനും അരമണിക്കൂർ വീതം വച്ചിട്ടുണ്ട്. ഇതാണ് അതിന്റെ പരിമിതി.

ശ്രീ. സി. പി. ബാലൻ വൈദ്യർ : സർ, എനിക്ക് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് ഈ ബില്ലുകളെ സംബന്ധിച്ചുള്ള നടപടി ഏതാണ്ട് പ്രഹസനമായി വരുകയാണ്. ഇവിടെ ഇന്ന് നോട്ടീസ് നൽകിയതിൽ എന്റെ ബില്ലുകളും ഉണ്ട്. അത്തരം ബില്ലുകളൊന്നും വരുകയില്ല. വളരെ ബുദ്ധിമുട്ടി ഒരു ബിൽ സഭയുടെ മുമ്പാകെ കൊണ്ടു വന്നാൽ ആ ബില്ലുകളെ സംബന്ധിച്ച് ഒരു നടപടിയുണ്ടാകണം. എന്തെങ്കിലും ഒരു തീരുമാനം വേണം. ഞാൻ അവതരിപ്പിച്ച ബില്ല് ഇന്ന് മന്ത്രി തന്നെ സഭയിൽ കൊണ്ടു വന്ന് നിയമമാക്കി അംഗീകരിച്ചു. അത്തരം പ്രധാനപ്പെട്ട കാര്യങ്ങൾ പോലും മെമ്പർ ബില്ലാക്കി

LIBRARY ARCHIVES Kerala Legislative Assembly

അവതരിപ്പിച്ചാൽ അംഗീകരിക്കുന്ന നടപടിയില്ല... പകരം ഗവൺമെന്റ് ഭാഗത്തു നിന്നും അവതരിപ്പിക്കണം എന്നാണ് ഇന്നത്തെ നടപടിക്രമം. ഇതുൾപ്പെടെ അങ്ങ് പരിശോധിച്ച് ബില്ലുകളുടെ അവതരണം ഒരു പ്രഹസനമായി കാണാതിരിക്കാൻ അങ്ങ് ഒരു തീരുമാനം എടുക്കണം.

മി. സ്പീക്കർ : ബില്ലുകളുടെ കാര്യത്തിൽ ഒരു പ്രധാനപ്പെട്ട പ്രശ്നം അതിന്റെ സമയക്കുറവാണ്. വെള്ളിയാഴ്ച ദിവസം അടിയന്തിര പ്രമേയവും, വാക്കൗട്ടും ഒക്കെ ഉണ്ടെങ്കിൽ പിന്നെ സമയം എല്ലാം പോയി. ഒരു വെള്ളിയാഴ്ച നഷ്ടം. അപ്പോൾ സമയകുറവാണ് ഇതിന്റെ ഏറ്റവും വലിയ പ്രശ്നം, അതിനു വേണ്ടിയിട്ടുള്ള ചില നിർദ്ദേശങ്ങൾ നമ്മുടെ മുമ്പിലുണ്ട്. പക്ഷേ ഇനി ആലോചിച്ചിട്ട് കാര്യമില്ല. കാരണം നിർദ്ദേശം എന്നുപറയുന്നത് വെള്ളിയാഴ്ച എന്നുള്ളത് മാറ്റി വേറൊരു ഫുൾ ഡേ വയ്ക്കണം. അതാണ് ഒരു നിർദ്ദേശം. രണ്ടാമത്തെ കാര്യം, ഇപ്പോൾ ശ്രീ. ബാലൻ വൈദ്യർ പറഞ്ഞതു പോലെ അതിന്റെ ഭാവിയെ സംബന്ധിച്ചോ, അതിന്റെ ഉള്ളടക്കത്തെ സംബന്ധിച്ചോ ഒക്കെയാണ്. അതൊക്കെ നാം കൂട്ടായിട്ട് ചട്ടങ്ങളിലൊക്കെ മാറ്റം വരുത്തി ആലോചിക്കേണ്ട വിഷയമാണ്. പാർലമെന്റിൽ നടക്കുന്ന കാര്യം, മറ്റു സഭകളിൽ നടക്കുന്ന കാര്യം, ഇവിടത്തെ കാര്യം ഇതൊക്കെ ആലോചിച്ച് തീരുമാനിക്കേണ്ട സംഗതിയുണ്ട്. അതോടൊപ്പം ഒരു കാര്യം കൂടി ഞാൻ ചൂണ്ടിക്കാണിക്കാൻ പോകുന്നു. അനിയന്ത്രിതമായിട്ട് ബില്ലുകൾ വരുന്നത് നമുക്ക് ഗുണമല്ല. അതിനും ചില നിയന്ത്രണങ്ങൾ വേണം, ചോദ്യങ്ങൾക്കുപോലും അത് വേണ്ട. ബില്ലുകളുടെ നിലവാരം നോക്കിയിട്ട് തീരുമാനിക്കുന്നതിനുവേണ്ടി ഇതിനൊരു കമ്മിറ്റിയുണ്ട്. ആ കമ്മിറ്റി ഉൾപ്പെടെയുള്ള ആളുകൾ മുൻകൈ എടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇനി ഡിസ്ക്കഷൻ നടത്തി സമയം കളയണ്ട.

(ഓർഡർ...ഓർഡർ) ഞാൻ പറഞ്ഞു, അങ്ങേയ്ക്കു വേണ്ടി കൂടി സൂചിപ്പിച്ചതാണ്. കമ്മിറ്റി ആ രൂപത്തിൽ അതിന്റെ മെത്തഡോളജിക്ക് കടക്കേണ്ടതായിട്ടുണ്ട്. അതിനൊരു പ്രയോറിറ്റി നിശ്ചയിക്കേണ്ടതായിട്ടുണ്ട്. അങ്ങനെ പല കാര്യങ്ങളും ചെയ്യേണ്ടതായിട്ടുണ്ട്. ഭാവിയിൽ അക്കാര്യങ്ങൾ നാം ഗൗരവമായി കണക്കിലെടുക്കും എന്ന് ഞാൻ പ്രത്യാശിക്കുന്നു. നിയന്ത്രണം വേണം, ഞാൻ പറഞ്ഞു കഴിഞ്ഞു. എന്നാലേ അതിന്റെ ഗുണനിലവാരം ഉയരൂ. തീർച്ചയായിട്ടും.

(2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

1. 2000-ത്തിലെ കേരള കുടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബിൽ

(ശ്രീ. കെ. സി. വേണുഗോപാൽ നോട്ടീസ് നൽകിയത്)

ശ്രീ. കെ. സി. വേണുഗോപാൽ : സർ, 2000-ത്തിലെ കേരള കുടനിർമ്മാണ തൊഴിലാളി ക്ഷേമ നിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. വിശ്വനാഥൻ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly